


# പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച

## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714



# സ്വപ്നസാഫല്യനിർവൃതിയിൽ ശ്രേയ

ദേശീയ ബാഡ്മിന്റൺ മത്സരത്തിൽ പങ്കെടുക്കുകയെന്ന ഒൻപതാം വയസ്സിൽ നെഞ്ചേറ്റിയ സ്വപ്നം ശ്രേയ മരിയ മാത്യു സാക്ഷാത്കരിക്കുന്നു. നവംബറിൽ ഒറീസയിൽ നടക്കുന്ന ദേശീയ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു പങ്കെടുക്കാനുള്ള അവസരമാണ് ഈ കൊച്ചു മിടുക്കിക്കു കരഗതമായിരിക്കുന്നത്.

തൊടുപുഴയിൽ നടന്ന യോനക്സ് സൺറൈസ് കേരള സ്റ്റേറ്റ് ബാഡ്മിന്റൺ സബ് ജൂണിയർ ചാമ്പ്യൻഷിപ്പിൽ പതിമ്മൂന്നുവയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ വിഭാഗത്തിൽ സ്വർണവും സിംഗിൾസിൽ വെള്ളിയും കരസ്ഥമാക്കിയാണ് ദേശീയമത്സരത്തിൽ പങ്കെടുക്കാനുള്ള യോഗ്യത നേടിയത്.

മുത്തോലി സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിനിയായ ശ്രേയ ഈ നേട്ടത്തിലൂടെ നാടിന്റെ അഭിമാനപാത്രമായി മാറിയിരിക്കുകയാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ ചാമ്പ്യൻഷിപ്പുകളിൽ ആറു സ്വർണമെഡലും നാല് വെള്ളിമെഡലും ഇതിനോടകം ശ്രേയ നേടിക്കഴിഞ്ഞു.

ഒന്നാം ക്ലാസ് മുതൽ ബാഡ്മിന്റൺ കൂടുതലായി ഇഷ്ടപ്പെട്ട ശ്രേയ ദിവസം തോറുമുള്ള പ്രാക്ടീസ് അന്നുമുതൽ ആരംഭിച്ചിരുന്നു. പാലാ സെന്റ് തോമസ് കോളജ് കോംപ്ലക്സിലെ ഷിബ്സ് ബാഡ്മിന്റൺ സ്കൂളിലാണ് ശ്രേയ പരിശീലനം നടത്തുന്നത്. പരിശീലകരുടെയും അധ്യാപകരുടെയും മാതാപിതാക്കളുടെയും പിന്തുണയോടെ ലോകോത്തരമത്സരത്തിൽ പങ്കെടുക്കണമെന്നാണ് ഇപ്പോൾ ശ്രേയയുടെ ലക്ഷ്യം.

ബാഡ്മിന്റനു പുറമെ ശ്രേയ ഒരു നല്ല കലകാരിയുംകൂടിയാണ്. നന്നായി ചിത്രം വരയ്ക്കുകയും ഡാൻസിലും പാട്ടിലും പ്രാഗല്ഭ്യം തെളിയിക്കുകയും ചെയ്തിട്ടുണ്ട്. പഠനത്തിലും മിടുക്കി തന്നെ. മുഴുവൻസമയ കോച്ചിങ്ങിലായ ശ്രേയ മാതാപിതാക്കളുടെ സഹായത്താൽ സ്വയം പഠിച്ചു പരീക്ഷ എഴുതുന്ന രീതിയാണു സ്വീകരിച്ചിരിക്കുന്നത്.







മുത്തോലി വലിയമംഗലം അവിനാഷ്-ആശ ദമ്പതികളുടെ മകളായ ശ്രേയ ഇപ്പോൾ തന്റെ കായികപരിശീലനം കൂടുതൽ കാര്യക്ഷമതയുള്ളതാക്കാൻ തയ്യാറെടുപ്പിലാണ്. സഹോദരി ശ്രദ്ധ മാത്യു പാലാ ചാവറ പബ്ലിക് സ്കൂളിൽ പത്താം ക്ലാസ് വിദ്യാർഥിനിയാണ്. ■

# DEEPANALAM WINNERS SPACE gk

**സമ്മാനം ആയിരം രൂപ**

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. 2023 ലെ ജി 20 ഉച്ചകോടിയുടെ പ്രമേയം എന്തായിരുന്നു?
   ഉത്തരം : ..........................................
2. ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ് എന്ന ബോളിവുഡ് ചിത്രത്തിലെ മുഖ്യകഥാപാത്രത്തിന്റെ പേര്? കഥാപാത്രത്തെ അരങ്ങിലെത്തിക്കുന്നത് ആര്?
   ഉത്തരം : ..........................................
3. വനിതാസംവരണബിൽ രാജ്യത്താദ്യമായി അവതരിപ്പിച്ചത് ആരാണ്? എന്ന്?
   ഉത്തരം : ..........................................
4. നിലവിലെ ലോക്സഭയിൽ എത്ര വനിതാംഗങ്ങളുണ്ട്?
   ഉത്തരം : ..........................................
5. ചന്ദ്രയാൻ 3 ന്റെ ലാൻഡർ ചന്ദ്രോപരിതലത്തിലിറങ്ങിയ ഓഗസ്റ്റ് 23 എന്തു ദിനമായാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്?
   ഉത്തരം : ..........................................
6. ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ (എബിസി) കണക്കുപ്രകാരം, രാജ്യത്തെ ദിനപത്രങ്ങളിൽ പ്രചാരത്തിൽ ഒന്നാം സ്ഥാനം ആർക്ക്?
   ഉത്തരം : ..........................................
7. സൗരയൂഥത്തിലെ ഛിന്നഗ്രഹങ്ങളിലൊന്നിന് ഈയിടെ രാജ്യാന്തരജ്യോതിശാസ്ത്രസംഘടന ഉൽക്കാപാതസംഘത്തിലെ ഒരു മുതിർന്ന ശാസ്ത്രജ്ഞന്റെ പേരിട്ടു. ഈ ശാസ്ത്രജ്ഞൻ ഒരു മലയാളിയാണ്. പേരും സ്വദേശവും പറയാമോ?
   ഉത്തരം : ..........................................
8. ജനകീയനായ പരിസ്ഥിതിശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിലിന്റെ ആത്മകഥ ഈയിടെ പുസ്തകരൂപത്തിൽ പുറത്തിറങ്ങി. ശീർഷകം എന്താണ്?
   ഉത്തരം : ..........................................
9. ബെന്നു എന്ന ഛിന്നഗ്രഹത്തിൽനിന്ന് സാമ്പിൾ ശേഖരിച്ച നാസപേടകം ഭൂമിയിൽ മടങ്ങിയെത്തിയത് ഈയിടെയാണല്ലോ. ഛിന്നഗ്രഹത്തിന് ബെന്നു എന്ന പേരിട്ടത് ഒമ്പതു വയസ്സുള്ള ഒരു കുട്ടിയാണ്. ആരാണെന്നു പറയാമോ?
   ഉത്തരം : ..........................................
10. മികച്ച ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ മലയാളത്തിലെ ആദ്യത്തെയും രണ്ടാമത്തെയും സിനിമകളിലെ നായകനായ മഹാനടൻ മധു ഇന്ന് നവതിയുടെ നിറവിലാണ്. ചിത്രങ്ങളുടെ പേരു പറയാമോ?
    ഉത്തരം : ..........................................

പേര് : ..........................................
മേൽവിലാസം : ..........................................
..........................................
ഫോൺ നമ്പർ : ..........................................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2023 ഒക്ടോബർ 25.

# മഹാത്മാവിന്റെ മാർഗം





കാവ്യ ഭാസ്കർ
സെന്റ് ജോസഫ്സ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ
എറണാകുളം

തിരക്കേറിയ ജീവിതസാഹചര്യങ്ങൾക്കിടയിൽ കണ്ണു തെറ്റി വീണത് ഒക്ടോബർമാസത്തിലേക്കാണ്. മാസാരംഭത്തിൽത്തന്നെ ചുവന്ന മഷി. ഒക്ടോബർ രണ്ട്. അന്ന്, ലോകംകണ്ട ആദരണീയനായ രാഷ്ട്രീയനേതാവിന്റെ പിറവിയാണ്; ഗാന്ധിജയന്തി. നാട്ടിൽ പോകുമ്പോഴെല്ലാം വൈക്കത്തമ്പലം കാണുമ്പോഴും പഴയ ബോട്ടുജെട്ടി കാണുമ്പോഴും ഓർമവരുന്നത് സഹനത്തിന്റെയും പോരാട്ടവീര്യത്തിന്റെയും തീ പടർന്ന കഥയാണ്.

സ്വാതന്ത്ര്യമെന്നത് ഓരോ ഇന്ത്യൻ പൗരന്റെയും ജന്മാവകാശമാണെന്ന തിരിച്ചറിവു സൃഷ്ടിച്ചത് ആ മഹാവ്യക്തിയുടെ നേതൃഗുണത്തിന്റെ ശക്തിയാണ്. നാമിന്നനുഭവിക്കുന്ന എല്ലാ സുഖങ്ങൾക്കും പിന്നിൽ ചോരമണക്കുന്ന മണ്ണിന്റെ കഥകളുണ്ട്.

1869 ഒക്ടോബർ 2 ന് കരംചന്ദ് ഗാന്ധിയുടേയും പുത്‌ലിബായിയുടേയും മകനായി മോഹൻദാസ് കരംചന്ദ് ഗാന്ധി ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. ലണ്ടൻ യൂണിവേഴ്സിറ്റിയിൽനിന്നു നിയമബിരുദം കരസ്ഥമാക്കിയ അദ്ദേഹം തന്റെ ജീവിതലക്ഷ്യത്തെ തിരിച്ചറിഞ്ഞുതുടങ്ങി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അഹിംസയിലൂന്നിയ അദ്ദേഹത്തിന്റെ സമരമുറയാണ് വിജയപഥത്തിലെത്തിച്ചത്.

1910 ൽ അദ്ദേഹത്തിന്റെ ആദ്യപുസ്തകം 'ഹിന്ദ് സ്വരാജ്' പ്രസിദ്ധീകരിച്ചു. എന്നാൽ, അവ ഇന്ത്യയിൽ നിരോധിച്ചതിനെത്തുടർന്ന് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി.

'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന ആത്മകഥയിലെ പ്രസിദ്ധ അനുഭവകഥ ഇങ്ങനെയാണ്:

ഹൈസ്കൂൾ വിദ്യാഭ്യാസകാലത്തെ ഒരു സംഭവം അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. "വിദ്യാഭ്യാസ ഇൻസ്പെക്ടർ മിസ്റ്റർ ഗയിൽസ് പരിശോധനയ്ക്കായി എത്തിയിരുന്നു. അക്ഷരജ്ഞാനം ഉണ്ടോയെന്നു നോക്കാൻ അദ്ദേഹം ഞങ്ങൾക്ക് അഞ്ചു വാക്കുകൾ നൽകിയിരുന്നു. അവയിലൊന്ന് കെറ്റിൽ (Kettle) ആയിരുന്നു. ഞാനതു തെറ്റിച്ചു. അധ്യാപകൻ എന്റെയടുത്തെത്തി ബൂട്സിന്റെ അറ്റം കൊണ്ട് അടയാളം കാണിച്ചു. ഞാനതു ശ്രദ്ധിച്ചില്ല. അടുത്തുള്ള കുട്ടിയുടെ സ്ലേറ്റിൽ നോക്കി സ്പെല്ലിങ് ശരിയാക്കിയെഴുതാൻ അദ്ദേഹം ആവശ്യപ്പെടുമെന്നു ചിന്തിക്കുക എനിക്കസാധ്യമായിരുന്നു."

1915 ൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവേശിച്ച ഗാന്ധിജിയുടെ ശക്തമായ സ്വാധീനമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു പുതിയ വഴിത്തിരിവായത്. ബ്രിട്ടീഷ് തുണിത്തരങ്ങൾക്കു പകരം ഖാദി ഉപയോഗിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വ്യാപകമായ ജനപിന്തുണ ഈ സമരത്തിനു ലഭിച്ചു.

ബ്രിട്ടീഷുകാർ നടപ്പാക്കിയ ഉപ്പുനിയമത്തിനെതിരേ ഗാന്ധിജിയുടെ നേതൃത്വത്തിൽ 1930 മാർച്ച് 12 ന് ദണ്ഡിയാത്ര നടത്തപ്പെട്ടു. ഉപ്പിന്റെ നിർമാണവും വില്പനയും ഗവൺമെന്റിന്റെ കുത്തകയായിരിക്കേ അതിനെയെല്ലാം ലംഘിച്ചുകൊണ്ട് അദ്ദേഹം തന്റെ സമരചരിത്രത്തിന് പുതിയ അധ്യായം രചിച്ചു.

1925 മാർച്ച് 8 നു നടന്ന വൈക്കം സത്യാഗ്രഹത്തെ ശക്തിപ്പെടുത്താൻ ഗാന്ധിജി കേരളത്തിലെത്തിയിരുന്നു.

'സത്യാഗ്രഹം കൊണ്ട് ഞാൻ അർഥമാക്കുന്നത് സത്യത്തെ മുറുകെപ്പിടിക്കുക എന്നതാണ്' എന്ന അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ തന്റെ ദേശത്തോടുള്ള മമത വ്യക്തമാണ്.

നൂറ്റാണ്ടുകൾ എത്ര പിന്നിട്ടാലും നാം കടന്നുവന്ന വഴികൾ നമുക്കു മുമ്പേ കടന്നുപോയവരുടെ സഹനത്തിന്റെയും പോരാട്ടത്തിന്റെയും കരുത്തുറ്റ നിറവുകളാണെന്നു സ്മരിക്കാം. ■



അനുഗ്രഹ പ്രസാദ്
5-ാം ക്ലാസ്
ഗവ.യു.പി.എസ്.
അളനാട്




# ഒരുമ

ആർത്തലച്ചു പെയ്യുന്ന മഴയത്ത് സ്കൂൾവിട്ട് കുഞ്ഞിക്കുട ചൂടി വലിയ ബാഗും മുതുകിലേറ്റി നടന്നുപോകുന്ന മണിക്കുട്ടി അതു കണ്ടു:

കുറേ കുഞ്ഞുറുമ്പുകൾ അവർ കരുതിവച്ച ഭക്ഷണസാധനവും അവരുടെ വാസസ്ഥലവും വെള്ളത്തിലകപ്പെട്ടപ്പോൾ അവിടം വിട്ടുപോകുന്ന കാഴ്ച.

അവരുടെ ദുരിതയാത്രയിൽ അവർ കൂട്ടംതെറ്റി ചിതറിയില്ല, പിൻതലമുറയെ മറന്നില്ല. തങ്ങളിട്ട മുട്ടകളും പേറി അച്ചടക്കത്തോടെ, ഒരുമയോടെ, ശാന്തമായി നീങ്ങുന്നു.

മണിക്കുട്ടി ചുറ്റിനും നോക്കി. അതാ ഒരു നീറുറുമ്പിന്റെ കൂട് കാറ്റിലുലഞ്ഞിട്ടാവാം നിലത്തുവീണു കിടക്കുന്നു. ഒഴുകുന്ന വെള്ളത്തിൽ ആ കൂട്ടിലെ ഉറുമ്പുകൾക്കു രക്ഷപ്പെടാൻ ഒരു വഴിയേ ഉണ്ടായിരുന്നുള്ളു. ആ കൂടിനടുത്തു കിടന്നിരുന്ന കുഞ്ഞുപാറക്കല്ല്. അതിലോ എല്ലാവർക്കും ഇരിക്കാനുള്ള ഇടമില്ല.

കൂട്ടത്തിലൊരുവൻ ചുറ്റിനും നോക്കി. തങ്ങളുടെ അടുത്തേക്കു ചാഞ്ഞുനിന്നിരുന്ന ഓലത്തുമ്പ് അവന്റെ കണ്ണിൽപ്പെട്ടു. അവൻ മറ്റുള്ളവരുടെ കാതിൽ എന്തോ മന്ത്രിച്ചു.

പെട്ടെന്നുതന്നെ ഒരാളുടെ തോളിൽ മറ്റൊരാൾ കയറിനിന്ന് ഓലച്ചൂളയിൽ കയറിപ്പറ്റി. വളരെ കൗതുകത്തോടെയും അദ്ഭുതത്തോടെയും കണ്ടുനിന്നു.

മണിക്കുട്ടി മറ്റൊരു കാഴ്ചകൂടി കണ്ടു. എല്ലാവരെയും ചുമലിലേറ്റി രക്ഷിച്ചവൻ ഒറ്റയ്ക്കായി. അവൻ ഇരുകാലിൽനിന്നു ചുറ്റിനും നോക്കി. ആരെയെങ്കിലും ഇനിയും രക്ഷപ്പെടാനുണ്ടോയെന്നാണോ അതോ തന്നെ രക്ഷിക്കാനാരെങ്കിലുമുണ്ടോ എന്നാണോ? അറിയില്ല അവൻ പച്ചിലക്കൂട്ടിൽ കയറിയിറങ്ങി പാറയിൽ വന്നിരുന്നു.

ആ ഒറ്റക്കല്ലിൽ ഒറ്റയ്ക്കായവനെ നോക്കി 'നീ ഒറ്റയ്ക്കല്ല' എന്നു പറയാൻ മണിക്കുട്ടി മുന്നോട്ടാഞ്ഞു. ഓ... നീറു കടിക്കില്ലേ, അതിനെ പിടിച്ചു രക്ഷിക്കാൻ മണിക്കുട്ടിക്കൊരു ഭയം. സാരമില്ല. അവൾ ഒരു നാരു പറിച്ച് ഓലച്ചൂള കീറി അതിൽ തൂക്കിയിട്ടുകൊടുത്തു. ഉറുമ്പു പെട്ടെന്നുതന്നെ അതിൽ കയറി രക്ഷപ്പെട്ടു കൂട്ടരോടൊപ്പം പോയി.

ഒറ്റയ്ക്കായവനോടൊപ്പം ചെന്ന് നീ ഒറ്റയല്ലെന്നു പറയാൻ നമുക്കായാൽ നമ്മുടെ ജീവിതം ധന്യമാകും. ■

# മലയാളഭാഷയിൽ എത്ര അക്ഷരങ്ങൾ!



അപർണ്ണാ രാജ്
GHSS പാളയംകുന്ന്
വർക്കല
തിരുവനന്തപുരം

നാം മലയാളികളാണ്. വേഷംകൊണ്ടും ഭാഷകൊണ്ടും സമൃദ്ധിയുടെ മുഖമെന്നതുപോലെ വിളങ്ങുന്നവരാണ്. എന്നാൽ, മലയാളം അക്ഷരമാലയിൽ എത്ര അക്ഷരങ്ങളുണ്ട്?

ഒരു എൽകെജി വിദ്യാർഥിയോട് ഇംഗ്ലീഷിൽ എത്ര അക്ഷരങ്ങളുണ്ടെന്നു ചോദിച്ചാൽ ഇരുപത്തിയാറ് എന്ന് നിസ്സംശയം പറയും. ഇതേസമയം, ഒരു പ്ലസ്ടു വിദ്യാർഥിയോട് മലയാളത്തിൽ എത്ര അക്ഷരങ്ങളുണ്ട് എന്നു ചോദിച്ചാലോ, അറിയില്ല എന്നാവും ഉത്തരം. ഇതും മലയാളത്തിന്റെ തലയെടുപ്പിൽ പെടുന്നതാണോ ആവോ!

പ്രാചീന മലയാള അക്ഷരമാലയിലും ആധുനിക മലയാള അക്ഷരമാലയിലും അക്ഷരങ്ങളുടെ എണ്ണം പല രീതിയിൽ പറയുന്നുണ്ട്. എന്നാൽ, ഇപ്പോഴും ശരിയായ കണക്ക് പൂർണതയോടെ ലഭ്യമല്ല. കേരളത്തിന്റെ സമൃദ്ധിയെപ്പറ്റി പറയുമ്പോൾ ഇതുകൂടി പറയേണ്ടിയിരിക്കുന്നു!

1971 ൽ കേരളസർക്കാർ മുൻകൈയെടുത്ത് മലയാളഭാഷാവികസനത്തിനായി ലിപിപരിഷ്കരണസമിതി രൂപീകരിച്ചു. 1971 മാർച്ച് 23 നു സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 1971 ഏപ്രിൽ 15 മുതൽ പുതിയ ലിപി മലയാളികൾക്ക് ഉപയോഗക്ഷമമാക്കി. ആയിരത്തിലധികം ഉണ്ടായിരുന്ന മലയാളം എഴുത്തിലെ ലിപിരൂപങ്ങൾ അങ്ങനെ 90 ആക്കി കുറച്ചു. എങ്കിലും, മലയാള അക്ഷരമാലയിൽ എത്ര അക്ഷരങ്ങളെന്നത് പരിഷ്കരിച്ച ലിപിയിലും വ്യക്തമായില്ല.



ആധുനിക മലയാള അക്ഷരമാലയിൽ 56 അക്ഷരങ്ങൾ എന്നത് ആധുനിക അക്ഷരമാലയിലും പ്രാചീന അക്ഷരമാലയിലും പെടാതെ നിലനിൽക്കുന്നു...

സ്വരങ്ങൾ -13
*വ്യഞ്ജനങ്ങൾ:*
വർഗാക്ഷരങ്ങൾ -25
ഇതരവ്യഞ്ജനങ്ങൾ -11
ആകെ 49 അക്ഷരങ്ങൾ.
കൂടാതെ, 5 ചില്ലുകളുമുണ്ട്.

ആധുനിക - പ്രാചീന അക്ഷരമാലകളിൽ ചില്ലക്ഷരങ്ങൾ പൂർണമല്ലെങ്കിലും പ്രാചീന മലയാളലിപികളിൽ ചില്ലക്ഷരങ്ങൾ കണക്കാക്കപ്പെടുന്നുണ്ട്. എന്നാൽ, ആധുനിക അക്ഷരമാലയിൽ ചില്ലക്ഷരങ്ങൾ പൂർണമായും കണക്കാക്കപ്പെടുന്നില്ല. അതിനാൽത്തന്നെ ഇവ അധ്യാപകർക്കും വിദ്യാർഥികൾക്കും ഒരു സംശയമായി നിലനിൽക്കുന്നു.

ഉദാഹരണം:
ന - ൻ (Half of ന = ൻ), റ - ർ (Half of റ = ർ)

ഇതിനാൽത്തന്നെ ആധുനിക മലയാള അക്ഷരമാല കുട്ടികളെ പഠിപ്പിക്കുമ്പോൾ ചില്ലക്ഷരങ്ങൾ കണക്കാക്കപ്പെടാതെ 49 അക്ഷരങ്ങൾ പഠിപ്പിക്കുന്നു.

എന്നാൽ, പ്രാചീന അക്ഷരമാലയിൽ കൃത്യം 60 അക്ഷരങ്ങളുണ്ട്. അതിൽ രണ്ട് അക്ഷരങ്ങൾ ഇന്നു പ്രത്യക്ഷമായി ഉപയോഗിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, പഠനത്തിനു വിധേയമാകുന്ന പ്രാചീനമലയാളം അക്ഷമാലയിൽത്തന്നെ ആ അക്ഷരങ്ങൾ കാണപ്പെടുന്നുമില്ല.

ഇന്നും മലയാളത്തിൽ എത്ര അക്ഷരങ്ങളുണ്ടെന്നത് ഒരു ചുരുളഴിയാത്ത രഹസ്യമെന്നതുപോലെ നിലനിൽക്കുന്നു. ■



**അജയ് കെ. ജോസഫ്**
കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, കാഞ്ഞിരപ്പള്ളി



# ശിശുക്കൾ രാഷ്ട്രത്തിന്റെ സമ്പത്ത്

ഭാരതത്തിന്റെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരിക്കൽ കുഞ്ഞുങ്ങളെക്കുറിച്ചു പറഞ്ഞു: ''ഭാരതത്തിലെ കുഞ്ഞുങ്ങളുടെ ശരിയായ വളർച്ചയും ഉയർച്ചയുമാണ് രാഷ്ട്രത്തിന്റെ വളർച്ചയും ഉയർച്ചയും.'' രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഒരവസരത്തിൽ പറഞ്ഞു: ''സന്തോഷത്തോടും സംതൃപ്തിയോടുംകൂടി വളരുന്ന കുട്ടികൾ ഒരു രാഷ്ട്രത്തിന്റെ ശക്തിയും സമ്പത്തുമായിരിക്കും.''

മേലുദ്ധരിച്ച മഹദ്വചനങ്ങളിലൂടെ ശിശുക്കളാണ് രാഷ്ട്രത്തിന്റെ യഥാർഥസമ്പത്ത് എന്ന് നമുക്കു മനസ്സിലാക്കാൻ സാധിക്കും.

'ചൊട്ടയിലെ ശീലം ചുടലവരെ'
'ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം'

തുടങ്ങിയ പഴഞ്ചൊല്ലുകൾ മലയാളികൾക്കു സുപരിചിതമാണ്. ഈ പഴഞ്ചൊല്ലുകളിൽ ആശയങ്ങളുടെ ഒരു മഹാസാഗരംതന്നെ ഒളിഞ്ഞുകിടപ്പുണ്ട്. ശീലങ്ങളുണ്ടാവുന്നത്, സ്വഭാവരൂപവത്കരണം സംഭവിക്കുന്നത് ഒക്കെ ചെറുപ്പകാലത്താണ്. ആ ചെറുപ്പകാലം അവന്റെ കുടുംബത്തിലാണ്. വീട്ടിൽനിന്നു കിട്ടുന്നതാണ് അവനെ പട്ടടവരെ അനുധാവനം ചെയ്യുന്നത്.

ശിശുക്കളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്കായുള്ള നിരവധി ശിശുക്ഷേമപദ്ധതികൾ ഇന്ത്യയിലുണ്ട്. എങ്കിലും, പല കൊടുംക്രൂരതകൾക്കും നമ്മുടെ കുഞ്ഞുങ്ങൾ ബലിയാടുകളാകുന്നില്ലേയെന്ന് ഈയവസരത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. കുട്ടികൾ ചൂഷണവിധേയരാകുമ്പോൾ ചോർന്നുപോകുന്നത് ഭാവിഭാരതത്തിന്റെ ശക്തിയാണ്. ■

# സ്നേഹത്തിന്റെ മുഖങ്ങൾ

കഥ





**അഭിനന്ദ് മനോജ്**
ഒന്നാം വർഷം
ബി. ടെക്
കുസാറ്റ്

കുറച്ചുനാളായി ഒരാഗ്രഹം: എനിക്കൊരാടിനെ വേണം. അടുത്തുള്ള ചന്തയിൽ പോയി. അവിടെ കുറേ ആട്ടിൻകുട്ടികളെ വില്പനയ്ക്കു നിരത്തിനിറുത്തിയിട്ടുണ്ട്.

അവയുടെ ഇടയിലൂടെ നടക്കുമ്പോൾ ഒരു സ്ത്രീ വെള്ളയിൽ കറുപ്പുപുള്ളിയുള്ള, ഭംഗിയുള്ള ഒരു ആട്ടിൻകുട്ടിയുമായി നിൽക്കുന്നു.

ഞാൻ അവരോട് അതിനെ വിൽക്കാനുള്ളതാണോ എന്നു ചോദിച്ചു. അവർ ആടിനെക്കുറിച്ച് വർണിച്ചുകൊണ്ടിരുന്നു. അവരുടെ സംസാരത്തിൽ ഒരു കച്ചവടക്കാരിയുടെ തന്ത്രം തീരെയില്ലായിരുന്നു.

അവർക്കതിനെ പിരിയാൻ വിഷമമുള്ളതുപോലെ തോന്നി. ഇടയ്ക്കിടെ ആടിന്റെ മുഖത്ത് ഉമ്മ കൊടുക്കുന്നതു കണ്ടു. അവരോടു ഞാൻ ചോദിച്ചു: എന്തിനാ ഇതിനെ വിൽക്കുന്നത്?

അവരുടെ കണ്ണിൽ ഒരു നീരുറവ പൊടിയുന്നതു ഞാൻ കണ്ടു.... അവർ പറഞ്ഞു:

നാളെ അവരുടെ ഭർത്താവു മരിച്ച് ഒരു വർഷം തികയുന്ന നാളാണ്. ജോലിയില്ല. എങ്കിലും, കർമങ്ങൾ മുടക്കാൻവയ്യ.

ഭർത്താവ് ജീവിച്ചിരുന്നപ്പോൾ വാങ്ങിയ ആട്ടിൻകുട്ടിയാണിത്. എന്റെകൂടെയാ ഇവൾ കിടക്കുന്നതുപോലും. അതും പറഞ്ഞ് അവർ വിതുമ്പി.

പറഞ്ഞ വില കൊടുത്ത് ആടിനെയും വാങ്ങി തിരിഞ്ഞുനടക്കുമ്പോൾ വേദന നിറഞ്ഞ ചിരിയോടെ അവർ എന്നോടു ചോദിച്ചു: ''വളർത്താനാണല്ലോ അല്ലേ? രാവിലെ ഞാൻ ഇവൾക്കു ചായ കൊടുക്കാറുണ്ട്. പിന്നെ ബേക്കറിസാധനങ്ങളും ഇഷ്ടമാ. ഒറ്റയ്ക്കു മേയാനൊന്നും വിടരുത് കേട്ടോ.'' അത്രയും പറഞ്ഞ് ഇടയ്ക്ക് കണ്ണുതുടച്ചുകൊണ്ട് അവർ തിരിച്ചുനടന്നു.

ഞാൻ ആടിനെ ഒന്നു നോക്കി. അവർ പോയ വഴിയിലേക്കു നോക്കി നിസ്സഹായതയോടെ അതു നിൽക്കുന്നു. സംസാരിക്കാൻ കഴിയുമായിരുന്നുവെങ്കിൽ എന്നെ കൊണ്ടുപോകല്ലേയെന്ന് എന്നോടു പറയുമായിരുന്നുവെന്ന് ഞാനോർത്തു.

പിന്നെ ഒന്നും ഓർത്തില്ല. നേരേ അവരുടെ വീടിനെ ലക്ഷ്യമാക്കി നടന്നു. നടക്കുമ്പോൾ ഒന്നു ശ്രദ്ധിച്ചു; ആട് മുന്നിൽ വേഗത്തിൽ നടക്കുന്നു.

ഓലമേഞ്ഞ ഒരു കുഞ്ഞുവീട്...

ഞാൻ ചെല്ലുമ്പോൾ ആ സ്ത്രീ മുറ്റത്തെ തെങ്ങിൽ കെട്ടിപ്പിടിച്ചുനിന്നു കരയുന്നു.

ആടിന്റെ ശബ്ദം കേട്ട് തിരിഞ്ഞുനോക്കിയ അവർ അദ്ഭുതത്തോടെ എന്നെ കണ്ടു.

അവരുടെ ഓമനയായ ആടിനെ തിരിയേയേല്പിക്കുമ്പോൾ എന്റെ മനസ്സു നിറഞ്ഞു. എനിക്കും വളർത്താനല്ലേ? ആരു വളർത്തിയാലെന്താ? അവൾ ഇവിടെ വളരട്ടെ.

അവരുടെ കൈയിലിരുന്ന, ഞാൻ കൊടുത്ത പണം എനിക്കുനേരേ നീട്ടി. വേണ്ടെന്നു കൈവീശിക്കാണിച്ചു തിരിയെ നടക്കുമ്പോൾ അവരുടെ തേങ്ങലും ആടിന്റെ നന്ദിയോടെയുള്ള കരച്ചിലും കേൾക്കാമായിരുന്നു. ■



കവിത



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ്
ഓഫ് ടീച്ചർ എജ്യുക്കേഷൻ
മൈലക്കൊമ്പ്

# വിത്ത്

ആരാണെൻ സോദരനെന്നു കേൾപ്പു
ആദാമിൻ പുത്രനതറിഞ്ഞില്ല
എന്താണുണ്മയെന്നു കേൾപ്പു
പന്തിയോസുമതിൻ പൊരുളറിഞ്ഞില്ല.
    മുള്ളാണികളിൽപ്പിടഞ്ഞൊരു
    വള്ളക്കാരുടെയരുമഗുരു
    ചോദിച്ചന്നൊരുനാൾ ജനത്തോടായ്
    ചൊല്ലിടു നീയാരെൻ സോദരൻ?
ഞാൻ വിതയ്ക്കും വിത്തുകൾ
ഞാനൊരുക്കിടുമീ നിലങ്ങളിൽ
വീണതു തളിർക്കും പൂവിടും
നിണമണിഞ്ഞനാളിലവനതു ചുംബിക്കും.
    വചനമാകുമാ വാളെടുത്തു നീ
    വഞ്ചകനെയുന്മൂലനം ചെയ്യൂ
    എങ്കിൽ നീ തന്നെയെൻ തായ
    എന്നോമൽ സോദരനും നീ താൻ.
മണിപ്പുരുമീയക്രമവും
മറക്കല്ലേയെൻ വാക്കുകൾ
നനയ്ക്കല്ലീ മിഴികളെ നീ
നനച്ചീടുകെൻ വിത്തുകളെ.
    കൊഴിക്കല്ലെൻ കല്പനകളെ
    ഒഴിക്കല്ലെന്നുപദേശങ്ങളെ
    വഴിയുമതുപോൽ ജീവനും
    സത്യവുമീ ഞാൻതന്നെയല്ലയോ.
നിലവിളിക്കുന്നവരീ മണ്ണിൽ
നിണഗന്ധമുള്ള ശരീരങ്ങൾ
പാലിക്കു നീയിനിയെങ്കിലുമീ
പാലകനാമെൻ വചസ്സുകളെന്നും.
    മടിക്കല്ലേയെൻ പ്രിയമകനേ
    മിടിക്കുമെൻ വചനങ്ങൾ കാക്കാൻ
    മടിക്കുത്തഴിക്കുമീ നരാധമർ
    അടിച്ചിടുന്നെന്നെയിന്നുമേ.
ഇനി നീയെന്നരുമസോദരൻ
കനിഞ്ഞിടും ഞാനെന്നും നിന്നിൽ
എൻ പ്രിയമാതാവും നീ താൻ
എൻ വചസ്സുകൾ പാലിക്ക നീയെന്നും. ■

## എന്റെ വര



**ദേവനന്ദ റ്റി.വി.**
10-ാം ക്ലാസ്
ജി.എച്ച്.എസ്.എസ്.
മുണ്ടേരി, കണ്ണൂർ







# ഗുരുവിനെ അറിയുക



ഭാവന ആർ.
എം.എ. സാഹിത്യപഠനം
മലയാളം സർവകലാശാല, തിരൂർ

ഗുരു എന്നാൽ ഇരുട്ടിൽനിന്നു പ്രകാശത്തിലേക്കു നയിക്കുന്നവൻ എന്നർഥം. ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ മനുഷ്യന്റെയും ജീവിതത്തിൽനിന്ന് അജ്ഞതയുടെ ഇരുൾ നീക്കി ജ്ഞാനത്തിന്റെ പ്രകാശം തെളിച്ചു കൊടുക്കുന്നതു ഗുരുക്കന്മാരാണ്. സാമ്രാജ്യങ്ങൾ പടുത്തുയർത്തിയ ചക്രവർത്തിമാരെക്കാളധികമായി ആദരിക്കപ്പെടുന്നതും പൂജിക്കപ്പെടുന്നതും അവരെ അവരാക്കിയ ഗുരുക്കന്മാർതന്നെയാണ്. പരാജയപ്പെടാൻ തയ്യാറാകാത്ത മനസ്സുമായി ലോകം കീഴടക്കാനിറങ്ങിയ അലക്സാണ്ടറുടെ ഗുരുവായ അരിസ്റ്റോട്ടിലും, തടവറയിലെ മരണത്തിന്റെ തണുപ്പിൽനിന്നു ജീവിതത്തിന്റെയും രാജ്യഭരണത്തിന്റെയും ഊഷ്മളതയിലേക്കു നടന്നുകയറിയ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവായ ചാണക്യനും വൈകല്യത്തിന്റെ ലോകത്തുനിന്ന് കൈവല്യത്തിന്റെ ലോകത്തിലേക്ക് ഹെലൻ കെല്ലറെ കൈപിടിച്ചു നടത്തിയ ആനി സള്ളിവനും ലോകചരിത്രത്തിൽ പകരംവയ്ക്കാനില്ലാത്ത ഗുരുക്കന്മാരിൽ ചിലരാണ്.

ഇന്ത്യ ഗുരുക്കന്മാരുടെ നാടാണ്. പ്രാചീനകാലംമുതൽ വിദ്യാഭ്യാസത്തിനു നല്കിയിരുന്ന പ്രാധാന്യം ഭാരതീയരെ സംസ്കാരമുള്ള ഒരു ജനതയായി ഉയർത്തി. ചിട്ടയായ ഗുരുകുലവിദ്യാഭ്യാസം വിദ്യാർഥികളെ ജീവിതത്തിന്റെ ഏതു പ്രതിസന്ധിയും അതിജീവിക്കാൻ പ്രാപ്തിയുള്ളവരാക്കി. പുല്ലിനെയും പുഴുവിനെയും മണ്ണിനെയും മരത്തെയും സഹജീവികളായിക്കണ്ടു സ്നേഹിക്കാനും നമ്മുടെ ജനതയെ പ്രാപ്തരാക്കിയത് ആ വിദ്യാഭ്യാസമാണ്. പ്രാചീന ഭാരതത്തിലെ നളന്ദയും തക്ഷശിലയും ലോകമെങ്ങുമുള്ള വിദ്യാർഥികളെ ആകർഷിച്ചിരുന്ന വിദ്യാനികേതനങ്ങളായിരുന്നു. ആധുനികശാസ്ത്രസാങ്കേതിക വിദ്യകളെ വെല്ലുന്ന കണ്ടുപിടിത്തങ്ങളും പരീക്ഷണനിരീക്ഷണങ്ങളും ചികിത്സാമുറകളും ഗവേഷണഗ്രന്ഥങ്ങളും ഈ സർവകലാശാലകളിൽനിന്നു പുറത്തുവന്നു. അമാനുഷികപ്രതിഭയുള്ള അധ്യാപകശ്രേഷ്ഠരായിരുന്നു ഇതിന്റെയൊക്കെ പിന്നിലെന്നു നമുക്കറിയാം.

ആധുനിക ഇന്ത്യയിലും നമുക്കു മാതൃകയാക്കാവുന്ന ധാരാളം ഗുരുക്കന്മാരുണ്ട്. ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമായിരുന്ന ഡോ. എസ് രാധാകൃഷ്ണൻ അവരിൽ പ്രമുഖനാണ്. വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് അദ്ദേഹത്തിനു വളരെ വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. ഇന്ത്യൻ യുവതയെ ഉറങ്ങാൻ അനുവദിക്കാത്ത സ്വപ്നം കാണാൻ പഠിപ്പിച്ച ഡോ. എ.പി.ജെ. അബ്ദുൾ കലാമാണ് മറ്റൊരു ഗുരു. ഊർജസ്വലതയുടെ പര്യായമായ അദ്ദേഹം ഇന്ത്യയിലെ പുരോഗമനേച്ഛുവായ ഓരോ യുവാവിന്റെയും ശക്തിസ്രോതസ്സായിരുന്നു.

ഏതൊരു അധ്യാപകനും ലഭിക്കുന്ന മികച്ച പ്രതിഫലം തന്റെ വിദ്യാർഥി, ജീവിതത്തിൽ ഉയരങ്ങളിലെത്തിയെന്ന കാര്യംതന്നെയാണ്. തന്റെ വിദ്യാർഥികളുടെ മികച്ച വിജയത്തിൽ അഭിമാനപുളകിതരായി ആനന്ദാശ്രുക്കളോടെ നിൽക്കുന്ന പല അധ്യാപകരെയും കാണാൻ കഴിഞ്ഞിട്ടുണ്ട്.

അധ്യാപകൻ സമൂഹത്തിന്റെ ആദരവ് അർഹിക്കുന്നവനാണ്. മുൻകാലങ്ങളിൽ ഭയഭക്തിബഹുമാനങ്ങളോടെ കണ്ടിരുന്ന അധ്യാപകർക്ക് പുതുതലമുറയിലെ ചിലരെങ്കിലും വേണ്ടത്ര ബഹുമാനം കൊടുക്കുന്നില്ലെന്നു തോന്നിയേക്കാം. ചില അധ്യാപകരെങ്കിലും വിമർശനങ്ങൾക്ക് ഇടനല്കുന്ന വാർത്തകൾ സൃഷ്ടിക്കുന്നതും നാം കേൾക്കുന്നുണ്ട്.

ഇന്ത്യക്കാരായ നമ്മെ സംബന്ധിച്ചിടത്തോളം,

ഗു ശബ്ദസ്ത്വന്ധകാരത്വാത്
രു ശബ്ദസ്തന്നിരോധക
അന്ധകാരനിരോധി ത്വാദ്
ഗുരുരീതിഭി ധീയതേ
എന്നതുതന്നെയാണ് സത്യം.

■



# മഴയും കാത്ത്

കവിത



ഹരിനന്ദന ഡി
ബി.ഫാം
ഒന്നാം വർഷം
എസ്.എം.ഇ. ചെറുവാണ്ടൂർ

മഴയില്ലാത്ത നാളുകളിൽ
മഴയ്ക്കായ് ഞാൻ കാത്തിരുന്നു
പടിഞ്ഞാറോട്ടു നോക്കിയങ്ങനെ
മിഴിയും നട്ടു കാത്തിരുന്നു.
പിന്നെ പലനാൾ മഴ പെയ്തപ്പോഴും
ഞാനൊരിക്കലും മഴയിൽ നനഞ്ഞില്ല,
തല നനച്ചില്ല, മേനി കുതിർത്തില്ല
അങ്ങോട്ടുമിങ്ങോട്ടുമോടിനടന്നില്ല,
വെള്ളത്തിൽ വെറുതെ ചാടിയില്ല,
വെള്ളം തെറിപ്പിച്ചു കളിച്ചില്ല.
ഇന്നിപ്പോൾ മഴയെ ഒന്നു തൊടാൻ
ഞാൻ വെമ്പുമ്പോൾ
ഒരു മഴയും ഇതുവഴി വരുന്നില്ല,
ഇടി വെട്ടുന്നില്ല, കൊള്ളിയാൻ മിന്നുന്നില്ല
മുകളിൽ തെളിഞ്ഞ നീലാകാശംമാത്രം.
ചില വെളുത്ത മേഘശകലങ്ങൾ
അങ്ങുമിങ്ങും ഓടിനടക്കുന്നു
പിന്നെ മറയുന്നു.
കറുത്തിരുണ്ട മേഘങ്ങൾക്കായി,
ഞാൻ കാത്തിരിക്കുന്നു
ഒരു വേഴാമ്പലിനെപ്പോലെ...

# ഏഴായിരം ഫോട്ടോ ചിത്രങ്ങളുടെ റെക്കോർഡുമായി അലക്സ് സജിമോൻ

ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തസാധ്യതകൾ നിറഞ്ഞ ആധുനികയുഗത്തിൽ ഇതാ പുതിയൊരു താരോദയം - അലക്സ് സജിമോൻ. ഓൺലൈൻ ഫോട്ടോ എഡിറ്റർ ആപ് ലൈറ്റ് റൂം പ്രീസെറ്റ്സ് എന്ന സാങ്കേതികവിദ്യയിലൂടെ ഏഴു ദിവസം കൊണ്ട് ഏഴായിരത്തിലധികം ഫോട്ടോചിത്രങ്ങൾ തയ്യാറാക്കി ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടിയിരിക്കുകയാണ് ഈ കൊച്ചുകലാകാരൻ.

പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ പന്ത്രണ്ടാം ക്ലാസ് വിദ്യാർഥിയായ അലക്സ് നല്ലൊരു ചിത്രകാരൻകൂടിയാണ്.

തീക്കോയി പ്ലാത്തറയിൽ സജി-സാലി ദമ്പതികളുടെ മകനായ അലക്സിനെ പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ മാണി സി കാപ്പൻ എം.എൽ.എ. അഭിനന്ദിക്കുകയും പുരസ്കാരം സമ്മാനിക്കുകയും ചെയ്തു. കൂടാതെ, തീക്കോയി ഗ്രാമപഞ്ചായത്തിന്റെയും പബ്ലിക് ലൈബ്രറിയുടെയും അഭിനന്ദനങ്ങളും ഈ പ്രതിഭാശാലി ഏറ്റുവാങ്ങി.




■

## എന്റെ വര



സായ് സ്നേഹ
10-ാം ക്ലാസ്
ജെംസ് ഇന്റർനാഷണൽ സ്കൂൾ,
ഷാർജ





